നം.കെ.എസ്.എ-പികെഡി.21/1954/2018 തിയതി:12-09-2018

## പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ 2017-18 ലെ വാർഷിക ധനകാര്യപത്രികയുടെ ഓഡിറ്റ് സാക്ഷ്യപത്രവും റിപ്പോർട്ടും

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6), 22.05.2018 ലെ സ.ഉ(സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് | ഒറ്റപ്പാലം നഗരസഭ |
| സാമ്പത്തിക വർഷം | 2017-18 |
| വാർഷിക കണക്കുകൾ പഞ്ചായത്ത്/ നഗരസഭ അംഗീകരിച്ച തീരുമാനവും തീയതിയും | 30.07.2018 ലെ 1- ാം നമ്പർ തീരുമാനം. |
| വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ച തീയതി | 31.07.2018 |
| സമർപ്പിച്ച വാർഷിക കണക്കുകൾ ഓഡിറ്റിനായി സ്വീകരിച്ച തീയതി | 31.07.2018 |
| പ്രസിഡന്റ് / ചെയർപേഴ്സൺ പേരും കാലയളവും | 1. ശ്രീ.എൻ.എം.നാരായണൻ, 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറിയുടെ പേരും കാലയളവും | 1. ശ്രീമതി. കവിത.എസ്.കുമാർ, 1.4.17 മുതൽ 30.6.17 വരെ<br>2.ശ്രീ.എം.സുഗതകുമാർ, 1.7.17 മുതൽ 31.3.18 വരെ |
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര് | കെ.എൻ വാസുദേവൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 01.09.2018 മുതൽ 03.09.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് | 1. ശ്രീ.സുലൈമാൻ.ഐ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>2.ശ്രീ.മുഹമ്മദ് ഹിഷാം.എം, ഓഡിറ്റർ |

### I. ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295 (6), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് മാന്വൽ ഭാഗം I ഖണ്ഡിക 4.2.1.2; II(3); II(4) ഉം 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് എന്നിവയിലെയും വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 31.05.2018 ലെ കത്തിൽ നിർദ്ദേശിച്ച പരിശോധനാ സൂചകങ്ങൾക്കനുസൃതമായി ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

1997 ലെ മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം10(1) പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ വിശദമായ വാർഷിക ഓഡിറ്റ് സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ പിന്നീട് നടത്തുന്നതാണ്.

## 2. ഓഡിറ്റ് ലക്ഷ്യങ്ങൾ

**ഒറ്റപ്പാലം നഗരസഭയുടെ** 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക തയ്യാറാക്കിയത് നിയമം, അനുബന്ധ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പ്രകാരമാണോ എന്നുള്ള പരിശോധന.

## 3. ഓഡിറ്റ് വ്യാപ്തി

**ഒറ്റപ്പാലം നഗരസഭയുടെ** 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക തയ്യാറാക്കിയത് നിയമം, അനുബന്ധ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ പ്രകാരമാണോ, വരവ് തുകകൾ യഥാവിധി കണക്കിലെടുത്തിട്ടുണ്ടോ, ചെലവ് തുകകൾക്ക് വൗച്ചറുകളുടെ പിൻബലമുണ്ടോ അവ യഥാവിധി കണക്കിലെടുത്തിട്ടുണ്ടോ എന്നീ പരിശോധനകളാണ് നടത്തിയത്. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രേഖകളുടേയും രജിസ്റ്ററുകളുടേയും വിവരങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങൾക്കോ ലഭ്യമാകാത്ത വിവരങ്ങൾക്കോ തദനുസൃതമായ ഓഡിറ്റ് നിഗമനങ്ങൾക്കോ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

## 4. പരിശോധനക്ക് വിധേയമാക്കിയ രേഖകളുടേയും രജിസ്റ്ററുകളുടേയും വിശദാംശങ്ങൾ

1. ബാലൻസ്ഷീറ്റ്.
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്.
3. റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്.
4. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്.
5. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്).
6. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ.
7. ട്രയൽബാലൻസ്.
8. ബാങ്ക് പാസ്സ്ബുക്കുകൾ.
9. ബാങ്ക് റി കൺസിലിയേഷൻ പത്രികകൾ.
10. രശീതികൾ
11. ഡേ ബുക്ക്
12. ക്യാഷ് ബുക്ക്
13. ബാങ്ക് ബുക്ക്
14. ചെക്ക് ബുക്ക്
15. ബിൽ ബുക്ക്
16. വൗച്ചറുകൾ
17. ഡി.സി.ബി. ഇനങ്ങളുടെ രജിസ്റ്ററുകൾ.
18. ഇൻവെസ്റ്റ് മെന്റ് രജിസ്റ്റർ
19. മുൻകൂർ രജിസ്റ്റർ
20. സ്റ്റോക്ക് രജിസ്റ്റർ
21. ഡെപ്പോസിറ്റ് രജിസ്റ്റർ
22. ആസ്തി രജിസ്റ്റർ.
23. ലോൺ രജിസ്റ്റർ

## 5. ഓഡിറ്റ് സാക്ഷ്യപത്രം

**ഒറ്റപ്പാലം നഗരസഭയുടെ** 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് സാക്ഷ്യപത്രം (വിശേഷണങ്ങളോട് കൂടിയത്) അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പാലക്കാട്
678 001
ജില്ലാ ഓഡിറ്റ് കാര്യാലയം

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678 001

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(6), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഒറ്റപ്പാലം നഗരസഭയുടെ** 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയം പാലക്കാട് 678 001

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678 001

## അനുബന്ധം-2

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2016-17 ലെ വാർഷിക കണക്കുകൾ പ്രകാരം ആകെ നീക്കിയിരിപ്പ് തുക (ബാങ്ക്) 2017-18 വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് തുക(ബാങ്ക്) യുമായി പൊരുത്തപ്പെടുന്നില്ല.
2. വസ്തുനികുതി, തൊഴിൽ നികുതി, വാടക, ഡി&ഒ, പരസ്യ നികുതി, വിനോദ നികുതി എന്നീ ഇനങ്ങളുടെ രജിസ്റ്ററുകളിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
4. അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
6. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.
7. ലോൺ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
8. ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ തൻവർഷത്തേക്കുള്ള കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678 001